**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി നാലുവരി പാതയാക്കി വികസിപ്പിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത് . സംസ്ഥാനം ആവശ്യപ്പെട്ടത് അനുസരിച്ച് ദേശീയപാതാ നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത ഔട്ടർ റിംഗ് റോഡിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത് . സംസ്ഥാനം ആവശ്യപ്പെട്ടത് അനുസരിച്ച് ദേശീയപാതാ നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | ഭാവിയിലെ ആവശ്യങ്ങൾക്കുതകും വിധം മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന് ആവശ്യമായ സ്ഥലം കൂടി ഈ ഘട്ടത്തിൽ തന്നെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 28.04.2018-ൽ ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും, ഷിപ്പിംഗും വകുപ്പ് മന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമീ നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്ന പദ്ധതിക്ക് 04.02.2019 ലെ സ.ഉ.(കൈ)നം. 181/2019/പൊമവ പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 45 മീറ്റർ പ്രധാന പാതയും, 25 മീറ്റർ സർവീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചത് പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്.<br><br>1) 45 മീറ്റർ RoW( Right of Way) യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്, ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.<br><br>2)സർവീസ് റോഡുകളുടെ നിർമ്മാണ-ച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക,<br><br>3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം.<br><br>ഈ വ്യവസ്ഥകളാണ് കേന്ദ്രം മുന്നോട്ട് വയ്ക്കുന്നത്. ഈ വ്യവസ്ഥകളിൽ സർവീസ് റോഡ് നിർമ്മാണത്തിന്റെ ചെലവ് സംസ്ഥാനം വഹിക്കണം എന്ന വ്യവസ്ഥ പുന:പരിശോധിക്കണം എന്ന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ദേശീയപാത അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | 28.04.2018-ൽ ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും, ഷിപ്പിംഗും വകുപ്പ മന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമീ നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് 04.02.2019 ലെ സ.ഉ.(കൈ)നം. 181/2019/പൊമവ പ്രകാരം സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 45 മീറ്റർ പ്രധാന പാതയും, 25 മീറ്റർ സർവീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചത് പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്.<br><br>1) 45 മീറ്റർ RoW( Right of Way) യിൽ 4 വരിയായി പ്രധാന പാത, സർവീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്, ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.<br><br>2)സർവീസ് റോഡുകളുടെ നിർമ്മാണ-ച്ചെലവ് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുക,<br><br>3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം.<br><br>ഈ വ്യവസ്ഥകളാണ് കേന്ദ്രം മുന്നോട്ട് വയ്ക്കുന്നത്. ഈ വ്യവസ്ഥകളിൽ സർവീസ് റോഡ് നിർമ്മാണത്തിന്റെ ചെലവ് സംസ്ഥാനം വഹിക്കണം എന്ന വ്യവസ്ഥ പുന:പരിശോധിക്കണം എന്ന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ